(സി) ഉൾനാടൻ ജലപാത വികസനത്തിന് കഴിഞ്ഞ പത്തുവർഷം സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക 183,61,00,556 രൂപയാണ്. ഏതൊക്കെ ജലപാതകൾക്കുവേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊല്ലം-കോട്ടപ്പുറം ജലപാത**

168 (6873) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്ര യെന്നും എന്താവശ്യത്തിനുവേണ്ടിയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ദേശീയ ജലപാതാ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ ജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീന വലകൾ, ഊന്നി വലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI-ക്ക് നടത്തുവാൻ വിഘാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്കും സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ വിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശ വാദങ്ങൾ ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട പിന്നവലകൾ, ഊന്നി വലകൾ എന്നിവയും കൊല്ലം പറവ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Lateritched) മുതലായവയാണ് പണി പൂർത്തീകരിക്കുവാൻ കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

## മിനിമം വേതനം പുതുക്കൽ

169 (6874) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ തൊഴിൽ മേഖലയിലും മിനിമം വേതനം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉപദേശക സമിതിയെ ചുമതലപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മിനിമം വേതനം പുതുക്കുന്നതിന് കാലതാമസം ഉണ്ടായാൽ മുൻകാല പ്രാബല്യത്തോടെ മിനിമം വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

## ഉത്തരം

(എ) എല്ലാ തൊഴിൽ മേഖലയിലും 1948-ലെ മിനിമം വേതന നിയമം അനുശാസിക്കുംവിധം മിനിമംവേതനം സമയബന്ധിതമായി പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ തൊഴിൽ വകുപ്പും മിനിമം വേതന ഉപദേശക സമിതിയും സ്വീകരിച്ചുവരുന്നു.

(ബി) നിശ്ചയിക്കപ്പെട്ട മിനിമം വേതനം അഞ്ച് വർഷത്തിനകം പുതുക്കി നിശ്ചയിക്കണമെന്നാണ് മിനിമം വേതന നിയമം അനുശാസിക്കുന്നത്. അതനുസരിച്ച് മിനിമം വേതനം പുതുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓരോ തൊഴിൽ മേഖലയിലേയും മിനിമം വേതനം പുതുക്കുമ്പോൾ ആ മേഖലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വേതന പരിഷ്ക്കരണത്തിന് മുൻകാല പ്രാബല്യം നൽകുന്ന കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.